(ബി) 1995-96-ന്ശേഷം നിയമനം ലഭിച്ചിട്ടുള്ള എല്ലാ അധ്യാപകർക്കും യോഗ്യതാപരീക്ഷ പാസ്സാകണമെന്നുള്ളത് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) അധ്യാപക സംഘടനകളുമായുള്ള വിശദമായ ചർച്ചകൾ നടന്നുവരുന്നു.

(ഡി) കരട്രൂപം തയ്യാറാക്കി കഴിഞ്ഞു. അധ്യാപക സംഘടനകളുമായുള്ള ചർച്ചകൾക്കുശേഷം അന്തിമരൂപം നൽകുന്നതാണ്. അതിനുശേഷം എത്രയും വേഗത്തിൽ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

48 (490) സ്വകാര്യ സ്കൂൾ/കോളേജ് അധ്യാപക നിയമനത്തിന് ബോർഡ് രൂപീകരണം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ/കോളേജ് അധ്യാപക നിയമനത്തിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡിന് രൂപംനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സ്വകാര്യ സ്കൂൾ/കോളേജ് അധ്യാപക നിയമനത്തിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡിന് രൂപംനൽകാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

49 (491) സ്വകാര്യ സ്കൂളുകളിലെ അധ്യാപകനിയമനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കൂളുകളിലെ അധ്യാപക നിയമനം പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് അധ്യാപക സംഘടനകളുടെ അഭിപ്രായം സർക്കാർ ആരാഞ്ഞിട്ടുണ്ടോ;

(സി) സ്വകാര്യ സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ സംവരണം പാലിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ സ്കൂളുകളിലെ നിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന് മാനേജ്മെന്റിന് കർശനമായ നിർദ്ദേശം നൽകുമോ;

(ഇ) അധ്യാപക നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളിൽനിന്നും വൻതുക കോഴവാങ്ങുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം കേസ്സുകളിൽ മാനേജ്മെന്റിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സ്വകാര്യ സ്കൂളുകളിലെ അധ്യാപക നിയമനം പി.എസ്. സി.ക്ക് വിടുന്നത് സംബന്ധിച്ച് ഓർഡിനൻസ് കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ നിയമനമനുസരിച്ച് നിർവ്വാഹമില്ല.

(ബി) ചില അദ്ധ്യാപക സംഘടനകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പ്രായോഗികമല്ല.

(ഇ) ചില പരാതികൾ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

(എഫ്) വ്യക്തമായ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(ജി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

50 (492) നാടാർ മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാടാർ-മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുക വിനിയോഗിച്ചു; ഏതു വർഷംവരെ ഉള്ള തുകയാണ് നൽകിയത്;

(സി) 2000 ജനുവരി ഒന്നുവരെ എന്തു തുക കുടിശ്ശിക നൽകാനുണ്ട്;

(ഡി) ഇത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഈ തുക ഈ അദ്ധ്യയനവർഷം അവസാനിക്കുന്നതിനുമുമ്പ് വിതരണം ചെയ്യുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-97-ൽ പ്രൈമറി വിഭാഗത്തിന് 60,00,000 രൂപയും സെക്കന്ററി വിഭാഗത്തിന് 65,00,000 രൂപയും 1997-98-ൽ പ്രൈമറി വിഭാഗത്തിന് 1,30,50,000 രൂപയും സെക്കന്ററി വിഭാഗത്തിന് 1,11,00,000 രൂപയും 1998-99 വർഷം പ്രൈമറി വിഭാഗത്തിന് 90,25,000 രൂപയും സെക്കന്ററി വിഭാഗത്തിന് 90,00,000 രൂപയും 1999-2000 വർഷം പ്രൈമറി വിഭാഗത്തിന് 90,25,000 രൂപയും സെക്കന്ററി വിഭാഗത്തിന് 90,00,000 രൂപയും വിതരണത്തിനായി ജില്ലാ പഞ്ചായത്തുകൾക്കു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly